ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.ബി6/100285/2018/എച്ച്.എസ്.ഇ** **തീയതി : 24/02/2018**

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം- സംസ്ഥാനത്തെ ഗവ. ഹയർസെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ -നിയമിക്കുന്നത്- ബാലാവകാശകമ്മീഷന്റെ ഉത്തരവ് - സംബന്ധിച്ച്.

സൂചന :- 07/02/2018 തീയതിയിലെ ബഹു. ബാലാവകാശകമ്മീഷന്റെ 5405/10/LA2/2016/KeScpcR നമ്പർ ഉത്തരവ്

സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ ഓരോ അധ്യയന വർഷത്തെയും അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും തസ്തികകളിൽ അധ്യാപകരുടെ അഭാവമുണ്ടായാൽ അവ കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും അത്തരം സന്ദർഭങ്ങളിൽ കാലതാമസമില്ലാതെ ഗസ്റ്റ് അധ്യാപകരെ നിയമക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ശ്രദ്ധിക്കണമെന്നും ബന്ധപ്പെട്ട മേഖലാ ഉപഡയറക്ടർമാർ ഇക്കാര്യം നിരീക്ഷിച്ച് അധ്യാപക അഭാവം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും ബഹു. കേരള ബാലാവകാശകമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഡയറക്ടർ